**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1614** **15-03-2022 - ൽ മറുപടിയ്ക്ക്**

**കർഷകർക്കായി കടാശ്വാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കടാശ്വാസ പദ്ധതി പ്രകാരം തീർപ്പാക്കിയ അപേക്ഷകളിൽ കർഷകർക്ക് എത്ര തുക നല്കാനുണ്ടെന്നും അത് എന്നത്തേയ്ക്ക നല്കാനാകുമെന്നും വെളിപ്പെടുത്താമോ; | (എ) | കടാശ്വാസ കമ്മീഷനിൽ നിന്നും ലഭിച്ച അവാർഡുകൾ സഹകരണ സംഘം രജിസ്ട്രാർ പരിശോധിച്ച് ശിപാർശ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റ് വിഹിതത്തിന്റെ ലഭ്യതയ്ക്ക് വിധേയമായാണ് കടാശ്വാസ തുക അനുവദിക്കുന്നത്. ആയതിനാൽ കടാശ്വാസം അനുവദിക്കേണ്ട കൃത്യമായ തുക കണക്കാക്കുവാൻ കഴിയില്ല. കടാശ്വാസ കമ്മീഷനിൽ നിന്നും കടാശ്വാസത്തിന് ശിപാർശ ചെയ്ത 131,68,88,256/- രൂപയിൽ സഹകരണ സംഘം രജിസ്ട്രാർ പരിശോധിച്ച് ലഭ്യമാക്കിയ തുകയിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ നിന്നുള്ള തുകകൾ അനുവദിച്ചിട്ടുണ്ട്. മേൽ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഉത്തരവാകുന്ന തുകകൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അനുവദിച്ച് നൽകുന്നതാണ്. |
| (ബി) | കടാശ്വാസ കമ്മീഷനിൽ നിലവിൽ എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്നും, അവ എന്നത്തേയ്ക്ക തീർപ്പാക്കാനാകുമെന്നും അറിയിക്കാമോ? | (ബി) | കടാശ്വാസ കമ്മീഷനിൽ നിലവിൽ 85,749 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. അവ അടിയന്തിരമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ